കേരള കാർഷികസർവകലാശാല

വിദ്യാർത്ഥിക്ഷേമ ഡയറക്ടറേറ്റ്
മെയിൻ കാമ്പസ്, വെള്ളാനിക്കര
കെ.എ.യു. (പി.ഓ.), തൃശ്ശൂർ - 680656

നം. KAUDSW/752/2025-DSW A1 തീയതി: 07-01-2026

## വിജ്ഞാപനം

വിഷയം:- കെ.എ.യു - വിദ്യാർത്ഥിക്ഷേമ ഡയറക്ടറേറ്റ്, വെള്ളാനിക്കര - പാർട് ടൈം സ്റ്റുഡൻ സ് കൗൺസിലർമാരുടെ നിയമനം – കരാർ അടിസ്ഥാനത്തിൽ താൽകാലിക നിയമനം നടത്തുന്നത് - സംബന്ധിച്ച്.

-------

കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള മെയിൻ കാമ്പസ് വെള്ളാനിക്കരയിലെ കോളേജുകളിൽ പാർട് ടൈം സ്റ്റുഡൻസ് കൗൺസിലർമാരുടെ 2 ഒഴിവിലേക്ക് കരാർ അടിസ്ഥാന ത്തിൽ താൽകാലിക നിയമനം നടത്തുന്നു.

1. യോഗ്യത: സൈക്കോളജി, കൗൺസിലിംഗ് സൈക്കോളജി ,അപ്ലൈഡ് സൈക്കോളജി ഇവയിൽ ഏതിലെങ്കിലും എം.എ/എം.എസ്.സി ബിരുദാനന്തര ബിരുദം ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ എം.എസ്.ഡബ്ല്യു. അധിക യോഗ്യതയായി കണക്കാക്കപ്പെടുന്നു
2. പ്രായം: 01-01-2026 ൽ 60 വയസ്സിൽ കവിയരുത്.
3. നിയമന രീതി: അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ
4. നിയമന കാലാവധി : 1 വർഷം
5. നിയമവിധേയമായ ആദായനികുതി, തൊഴിൽ നികുതി എന്നിവ വേതനത്തിൽ നിന്നും കിഴിവ് വരുത്തുന്നതാണ്.
6. വേതനം - 'Consolidated pay' മാസം 30,000/- രൂപ.
7. സർവകലാശാലയിലെ വിദ്യാർത്ഥികളിൽ ഭൂരിഭാഗവും പെൺകുട്ടികൾ ആയതിനാൽ നിയമനത്തിൽ വനിതകൾക്ക് മുൻഗണന നൽകുന്നതാണ്.
8. നിയമിക്കപ്പെടുന്ന പാർട്ട് ടൈം സ്റ്റുഡന്റ്സ് കൗൺസിലർമാർ ആഴ്ചയിൽ നിർബന്ധമായും നാലു പ്രവർത്തി ദിനങ്ങളിൽ രാവിലെ 9 മണി മുതൽ 2 മണി വരെയോ അഥവാ ആഴ്ചയിൽ മൂന്നു പ്രവർത്തി ദിനങ്ങളിൽ രാവിലെ 9 മണി മുതൽ 5 മണി വരെയോ നിയമിക്കപ്പെടുന്ന സ്ഥാപനങ്ങളിൽ സേവനത്തിൽ ഏർപ്പെടേണ്ടതാണ്. മേൽ നിഷ്കർഷിച്ച സമയക്രമത്തിന് പുറമെ അത്യാവശ്യഘട്ടങ്ങളിൽ സേവനം ആവശ്യപ്പെടുന്ന മുറയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ ബയോഡാറ്റ, പ്രവർത്തിപരിചയം ഉൾപ്പെടെ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പും സഹിതം **15.01.2026** തീയതി രാവിലെ 1 0 മണിയ്ക്ക് ഈ ഡയറക്ടറേറ്റിൽ വെച്ചു നടത്തുന്ന വാക്ക്- ഇൻ- ഇന്റർവ്യൂവിനു ഹാജരാകേണ്ടതാണ്.

ഇന്റർവ്യൂ നിയമനം സംബന്ധിച്ച് വിദ്യാർത്ഥിക്ഷേമ ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഈ വേതനം കൈപ്പറ്റുന്നതല്ലാതെ തുടർന്നുള്ള നിയമനകൾക്കും മറ്റു യാതൊരു സർവ്വകലാശാലാ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല

Dr. LATHA A
DIRECTOR OF STUDENTS WELFARE

പബ്ലിക്ക് റിലേഷൻസ് ഓഫീസർ/ നോട്ടീസ് ബോർഡ്

അംഗീകാരത്തോടെ

Signed by
Anithakumari H
ഓഫീസർ
Date: 07-01-2026 14:23:00